കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാനത്ത് നെൽകൃഷി വികസനത്തിനായി സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതിപ്രകാരം 2004-2005-ൽ 1080 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 800 ലക്ഷം രൂപയ്ക്കുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ശാസ്ത്രീയകൃഷി രീതികൾ അവലംബിച്ചും ഒരു പരിധിവരെ യന്ത്രവല്ക്കരണം നടപ്പിലാക്കിയും ഉല്പാദനച്ചെലവ് കുറയ്ക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കുവാനും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും നടപടികൾ സ്വീകരിച്ചുവരുന്നു. നെൽകൃഷിക്ക് പൂർണ്ണമായി വൈദ്യുതി സൗജന്യം നൽകുന്നത് കൂടാതെ കൊയ്ത്തുകാലത്ത് സർക്കാർ വിപണിയിൽ ഇടപെട്ട് കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന നെല്ലിനു ന്യായവില ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്. ഉല്പാദനോപാദികൾ ലഭ്യമാക്കുവാനും സംസ്ക്കരണ വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഗ്രൂപ്പ് ഫാമിംഗ് പദ്ധതിപ്രകാരം ആയിരം രൂപ നിരക്കിൽ സബ്സിഡി നൽകുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെൽപ്പാടങ്ങൾ നികത്തുന്നത് തടയുന്നതിനും നെൽപ്പാടങ്ങൾ തരിശ്ശിടുന്നതും മറ്റു വിളകൾക്കായി ഉപയോഗിക്കുന്നതും തടയുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഭൂവിനിയോഗനിയമം കർശനമായി പാലിക്കുന്നതിന് ജില്ലാ കളക്ടർമാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. നെൽകൃഷിയുടെ വിസ്തീർണ്ണം കുറയുന്നത് തടയുന്നതിനും നെൽകൃഷിക്കാരെ കൃഷിയിൽ സ്ഥിരമായി നിലനിർത്തുന്നതിനുമായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുപ്രകാരം (2002-03) സംസ്ഥാനത്ത് 3.105 ലക്ഷം ഹെക്ടറിൽ നെൽകൃഷി ചെയ്തുവരുന്നു.

(ഡി ആന്റ് ഇ) പഠനം നടത്തിയിട്ടുണ്ട്. 2003-04 കാലഘട്ടത്തിലെ വരൾച്ചയിൽ പാലക്കാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ നെൽകൃഷിനാശം സംഭവിച്ചിട്ടുള്ളത്. പാലക്കാട് ജില്ലയിലെ ആലത്തൂർ, ചിറ്റൂർ താലൂക്കുകളിലാണ് കൂടുതൽ കൃഷിനാശം സംഭവിച്ചിട്ടുള്ളത്.

(എഫ്) വരൾച്ചമൂലം നെൽകൃഷിനാശം സംഭവിച്ച കർഷകർക്ക് ഹെക്ടറിനു 3000 രൂപയായി വർദ്ധിപ്പിച്ച നിരക്കിൽ 2003 റാബി സീസൺ മുതൽ ധനസഹായം നൽകിവരുന്നു. ഇതു കൂടാതെ വരൾച്ചമൂലം 25 ശതമാനത്തിൽ കൂടുതൽ വിളനാശം സംഭവിച്ച കർഷകർക്ക് അടുത്ത വിളവിറക്കുന്നതിനു വിത്തും കുമ്മായവും സൗജന്യമായി നൽകുന്നുണ്ട്.

കാർഷിക വിളകൾക്ക് ഇൻഷ്വറൻസ്

*24 [84] പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. പി. ടി. തോമസ്:

,, അടൂർ പ്രകാശ്:

ശ്രീമതി രാധാ രാഘവൻ:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം കാർഷിക വിളകൾക്ക് വിള ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഈ വിള ഇൻഷ്വറൻസ് നിർബന്ധിതമാണോ;

(സി) ഇതിന്റെ പ്രീമിയം ആരാണടച്ചിരുന്നത്;

(ഡി) ഇപ്പോൾ പ്രീമിയം അടയ്ക്കുന്നതാരാണ്;

(ഇ) വിളനാശത്തിന് ഗവൺമെന്റ് സമ്പൂർണ്ണ നഷ്ടപരിഹാരം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കർഷകർക്ക് അതിൽ പരാതിയുണ്ടോ;

(എഫ്) കാർഷികവിള ഇൻഷ്വറൻസ് നിർബന്ധിതമാക്കുകയും ഇപ്പോൾ വിളനാശത്തിന് ഗവൺമെന്റ് നൽകിവരുന്ന തുക ഇൻഷ്വറൻസ് പ്രീമിയമായി നൽകി കർഷകരെ പ്രീമിയം അടയ്ക്കുന്നതിൽ നിന്നൊഴിവാക്കുകയും ചെയ്യുമോ;

(ജി) കൃഷി നാശത്തിന് വിള ഇൻഷ്വറൻസ് വഴി കർഷകർക്ക് സമ്പൂർണ്ണ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്, തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില എന്നീ വിളകളെ ഉൾപ്പെടുത്തിയിരിക്കുന്നു. ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്, മരച്ചീനി, വാഴ, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ എന്നീ വിളകളെയും ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നിർബന്ധിതമല്ല. എന്നാൽ ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ നോട്ടിഫൈ ചെയ്ത വിളകൾ കൃഷി ചെയ്യുന്നതിനായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോണെടുത്ത കർഷകർ പദ്ധതിയിൽ നിർബന്ധമായും ചേരേണ്ടതാണ്.

(സി ആന്റ് ഡി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലും, ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിലും കർഷകർ തന്നെയാണ് പ്രീമിയം തുക അടയ്ക്കുന്നത്. എന്നാൽ ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ ചെറുകിട നാമമാത്രകർഷകർക്ക് പ്രീമിയത്തിന്റെ 50% സബ്സിഡിയായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായി പങ്കിട്ട് നല്കുന്നു.

(ഇ) വിളനാശത്തിന് ഇരുപദ്ധതികളിലും വ്യത്യസ്തമായ രീതികളിലാണ് നഷ്ടപരിഹാരം നല്കുന്നത്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഓരോ വിളയ്ക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരത്തോത് അനുസരിച്ച് ആനുകൂല്യം നല്കുന്നു. ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിപ്രകാരം ശരാശരി

ഉത്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ ഒരു സീസണിൽ പ്രഖ്യാപിത പ്രദേശത്ത് വിളയുടെ ഉൽപ്പാദനത്തിലുണ്ടാകുന്ന കുറവിനേയും കർഷകർ അവരുടെ വിള ഇൻഷർ ചെയ്തിരിക്കുന്ന തുകയേയും ആശ്രയിച്ചാണ് നഷ്ടപരിഹാരം നല്കി വരുന്നത്. ഇരുപദ്ധതികളെക്കുറിച്ചും പരാതികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ് ആന്റ് ജി) നിലവിലുള്ള രണ്ടു ഇൻഷ്വറൻസ് പദ്ധതികളിലും കർഷകർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നല്കിവരുന്നതിനാലും ഈ പദ്ധതികളുടെ നടത്തിപ്പിൽ സർക്കാർ ഭാരിച്ച സാമ്പത്തിക ബാദ്ധ്യത എറ്റെടുത്തിട്ടുള്ളതിനാലും ഈ നിർദ്ദേശം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലുള്ള വരുമാനം

*25 [85] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്റ്റാമ്പ് ഡ്യൂട്ടിയിൽ എത്ര പ്രാവശ്യം മാറ്റം വരുത്തിയിട്ടുണ്ട്;

(ബി) സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിച്ചതുകൊണ്ട് രജിസ്ട്രേഷനിൽ വർദ്ധന വന്നിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ സർക്കാർ പ്രതീക്ഷിച്ചുവരുന്ന വരുമാനം എത്രയായിരുന്നു എന്നും ആ ഇനത്തിൽ എന്തു തുക വരുമാനം ലഭിച്ചു എന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ചെറിയ തുകയ്ക്കുള്ള പത്രങ്ങളും സ്റ്റാമ്പുകളും ആവശ്യാനുസരണം ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ എല്ലാ തുകയ്ക്കുള്ള സ്റ്റാമ്പ് പേപ്പറുകളും സ്റ്റാമ്പും സുലഭമായി ലഭിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ഒരു പ്രാവശ്യം.

(ബി) ഉണ്ട്.

(സി) സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 476.11 കോടി രൂപയാണ് സർക്കാർ പ്രതീക്ഷിച്ചിരുന്ന വരുമാനം. പ്രസ്തുത സാമ്പത്തിക വർഷം ഈ ഇനത്തിൽ 416.61 കോടി രൂപയാണ് വരുമാനമായി ലഭിച്ചത്.

(ഡി ആന്റ് ഇ) ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പത്രങ്ങളും സ്റ്റാമ്പും നാസിക്കിൽ നിന്നും ശേഖരിച്ച് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly